# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702


2019 നവംബർ 30

# വാർത്താക്കുറിപ്പ്

## പരീക്ഷ മാറ്റി

മഹാത്മാ ഗാന്ധി സർവകലാശാല ഡിസംബർ രണ്ടിന് നടത്താൻ നിശ്ചയിച്ചിരുന്ന ഒന്നാം സെമസ്റ്റർ എം.ബി.എ. (2019 അഡ്മിഷൻ) പരീക്ഷ ഡിസംബർ 10ലേക്ക് മാറ്റി.

(പി.ആർ.ഒ/39/207/2019)

മഹാത്മാ ഗാന്ധി സർവകലാശാല ഡിസംബർ ആറിന് നടത്താൻ നിശ്ചയിച്ചിരുന്ന ഒന്നാം സെമസ്റ്റർ സി.ബി.സി.എസ്. (2019 അഡ്മിഷൻ റഗുലർ/2017, 2018 അഡ്മിഷൻ റീഅപ്പിയറൻസ്), ഒന്നാം സെമസ്റ്റർ ബി.എസ്‌സി. സൈബർ ഫോറൻസിക് (2019 അഡ്മിഷൻ റഗുലർ മാത്രം) യു.ജി. നവംബർ 2019 പരീക്ഷകൾ ഡിസംബർ 16ലേക്ക് മാറ്റി. പരീക്ഷ സമയം, കേന്ദ്രം എന്നിവയ്ക്ക് മാറ്റമില്ല.

(പി.ആർ.ഒ/39/2098/2019)

## പുതുക്കിയ പരീക്ഷ തീയതി

നവംബർ 29ന് നടത്താനിരുന്ന മൂന്നാം വർഷ എം.എസ്‌സി. മെഡിക്കൽ അനാട്ടമി (2016 അഡ്മിഷൻ റഗുലർ/2016ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ ഡിസംബർ ഒൻപതിന് നടത്തുന്നതിനായി പുതുക്കി നിശ്ചയിച്ചു.

(പി.ആർ.ഒ/39/2099/2019)

## പിഎച്ച്.ഡി. നൽകി

റിഹാബിലിറ്റേഷൻ നഴ്‌സിംഗിൽ ഷേർളി അലക്‌സ്, മാത്തമാറ്റിക്‌സിൽ ശ്രീലക്ഷ്മി സി. വാര്യർ, കമ്പ്യൂട്ടർ സയൻസിൽ സി. മനശങ്കർ, മൈക്രോബയോളജിയിൽ ടിജിത്ത് കെ. ജോർജ്, കെമിസ്ട്രിയിൽ എൽദോ ഏലിയാസ്, സുവോളജിയിൽ എലിസബത്ത് വി. മാത്യു, ബോട്ടണിയിൽ എസ്. സോഫിയ, ടി.ജി. അജിത്കുമാർ, ഹോം സയൻസിൽ ജിഷ എ. പ്രഭ, സ്റ്റാറ്റിസ്റ്റിക്‌സിൽ ജിഷ വർഗീസ്, ഫിസിക്‌സിൽ ശ്രീകുമാർ ഹരിദാസ്, എൻവയൺമെന്റൽ സയൻസസിൽ എ.കെ. മനോജ്, ബയോടെക്‌നോളജിയിൽ ദീപ ജോൺ, എജ്യൂക്കേഷനിൽ കെ.ജെ. ഹേമ, സവിത പ്രസാദ്, മലയാളത്തിൽ എം.എ. വിഗീഷ്, സിന്ധു സെബാസ്റ്റ്യൻ, എസ്. ഇന്ദു, എ. റബിജ, ഇംഗ്ലീഷിൽ വി. സൗമ്യ നായർ, ജ്യോതി സൂസൻ എബ്രഹാം, ഇക്കണോമിക്‌സിൽ വിനീഷ് മാത്യു, നിമിഷ സി. നായർ, പി.വി. ബേബി ശാലിനി, ജോസഫ് കുര്യൻ, പൊളിറ്റിക്കൽ സയൻസിൽ സിജി റേച്ചൽ ജോർജ്, പ്രിയ തോമസ്, സോഷ്യൽ വർക്കിൽ സിനു ഐ. പോൾ, ഗാന്ധിയൻ സ്റ്റഡീസിൽ മാത്യു ജോസഫ് എന്നിവർക്ക് പിഎച്ച്.ഡി. നൽകാൻ മഹാത്മാ ഗാന്ധി സർവകലാശാല സിൻഡിക്കേറ്റ് തീരുമാനിച്ചു.

(പി.ആർ.ഒ/39/2100/2019)

## പരീക്ഷഫലം

2018 ഒക്‌ടോബറിൽ നടന്ന ഒന്നും രണ്ടും സെമസ്റ്റർ ബി.എ. സി.ബി.സി.എസ്. (പ്രൈവറ്റ് - 2017 അഡ്മിഷൻ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 16 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/2101/2019)

2019 ജനുവരിയിൽ നടന്ന ഒന്നാം സെമസ്റ്റർ ബി.എഡ്. (സ്‌പെഷൽ എജ്യൂക്കേഷൻ എൽ.ഡി. ആന്റ് ഐ.ഡി. - റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 12 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/2102/2019)

2018 ഒക്ടോബറിൽ നടന്ന ഒന്നും രണ്ടും സെമസ്റ്റർ ബി.കോം. സി.ബി.സി.എസ്. (2017 അഡ്മിഷൻ റഗുലർ - പ്രൈവറ്റ് രജിസ്ട്രേഷൻ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 16 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/2103/2019)

## പ്രോട്ടീൻ തന്മാത്രാ ഘടനയിലെ മാറ്റങ്ങൾ അർബുദത്തിന് വഴിതെളിക്കുന്നു; പ്രൊഫ. ടോബി ഗിബ്സൺ

പ്രോട്ടീൻ തന്മാത്രകളുടെ നിർമ്മാണത്തിൽ രൂപപ്പെടുന്ന പ്രത്യേക ഘടനകളിലുണ്ടാകുന്ന മാറ്റങ്ങൾ അർബുദത്തിന് വഴിതെളിക്കുമെന്ന് ജർമ്മനിയിലെ യൂറോപ്യൻ മോളിക്യുലാർ ബയോളജി ലബോറട്ടറിയിലെ പ്രശസ്ത ശാസ്ത്രജ്ഞൻ പ്രൊഫ. ടോബി ഗിബ്സൻ. മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ബയോസയൻസസിലെ സെന്റർ ഫോർ ബയോ ഇൻഫോർമാറ്റിക്സ് സംഘടിപ്പിക്കുന്ന പഞ്ചദിന ശില്പശാലയിൽ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

പ്രോട്ടീൻ തന്മാത്രകളിലെ പ്രത്യേക ഘടനകളിലുണ്ടാകുന്ന മാറ്റങ്ങൾ കണ്ടുപിടിക്കാൻ ബയോഇൻഫോർമാറ്റിക്സ് പോലുള്ള നൂതന ജൈവസാങ്കേതികവിദ്യ മാർഗങ്ങൾക്ക് കഴിയും. ഇത് അർബുദ ചികിത്സാരംഗത്ത് വലിയ കുതിച്ചുചാട്ടത്തിന് വഴിയൊരുക്കുമെന്നും അദ്ദേഹം പറഞ്ഞു. 2002ൽ ഫിസിയോളജി/മെഡിസിൻ വിഭാഗത്തിൽ നൊബേൽ സമ്മാനജേതാവായ ഡോ. സിഡ്നി ബ്രെണ്ണറിന്റെ ഗവേഷക സംഘാംഗമായിരുന്ന ടോബി ഗിബ്സൺ ബ്രിട്ടണിലെ കേംബ്രിഡ്ജ് സർവകലാശാലയിൽ നിന്നാണ് പിഎച്ച്.ഡി. നേടിയത്. ഡോ. ഷൈജുലാൽ നെൽസൺ സതി, ബിജു തോമസ് എന്നിവർ വിവിധ വിഷയങ്ങളിൽ പ്രഭാഷണം നടത്തി. ഡോ. സന്തോഷ് ജെ. ഈപ്പൻ, എസ്. ശ്രീജിത്ത് എന്നിവർ ഇന്നും നാളെയും ക്ലാസെടുക്കും. ശില്പശാല ഡിസംബർ മൂന്നിന് സമാപിക്കും.

## ഫോട്ടോ ക്യാപ്ഷൻ

**മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ബയോസയൻസസിലെ സെന്റർ ഫോർ ബയോ ഇൻഫോർമാറ്റിക്സ് സംഘടിപ്പിക്കുന്ന പഞ്ചദിന ശില്പശാലയിൽ ജർമ്മനിയിലെ യൂറോപ്യൻ മോളിക്യുലാർ ബയോളജി ലബോറട്ടറിയിലെ പ്രശസ്ത ശാസ്ത്രജ്ഞൻ പ്രൊഫ. ടോബി ഗിബ്സൻ പ്രഭാഷണം നടത്തുന്നു**

(പി.ആർ.ഒ/39/2104/2019)

## ദേശീയതല പരിപാടികളിൽ പങ്കെടുക്കുന്ന എൻ.സി.സി., എൻ.എസ്.എസ്., കായിക വിദ്യാർഥികൾക്ക് ഹാജർ നൽകും

ദേശീയ പ്രാധാന്യമുള്ള എൻ.സി.സി., എൻ.എസ്.എസ്. ക്യാമ്പുകളിലും ദേശീയതല കായിക മത്സരങ്ങളിലും സർവകലാശാലയുടെ മുൻകൂർ അനുമതിയോടെ പങ്കെടുക്കുന്ന വിദ്യാർഥികൾക്ക് സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ നഷ്ടപ്പെടുന്ന അധ്യയന ദിവസങ്ങളിലെ ഹാജർ അനുവദിക്കാൻ മഹാത്മാഗാന്ധി സർവകലാശാല അക്കാദമിക് കൗൺസിൽ യോഗം തീരുമാനിച്ചു. വൈസ്ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രോ വൈസ് ചാൻസലർ പ്രൊഫ. സി.ടി. അരവിന്ദകുമാർ അധ്യക്ഷത വഹിച്ച യോഗത്തിലാണ് തീരുമാനം.

സ്റ്റാറ്റിയൂട്ടറി ഫിനാൻസ് കമ്മിറ്റി അംഗമായി ഡോ. എസ്. മോഹനെ തെരഞ്ഞെടുത്തു. ദുരന്തനിവാരണ കോഴ്സുകൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതു പരിശോധിക്കുന്നതിനായി എൺവയോൺമെന്റൽ സയൻസസ് പി.ജി. ബോർഡ് ഓഫ് സ്റ്റഡീസിനെ ചുമതലപ്പെടുത്തി. മറ്റു സർവകലാശാലകളിലെ ട്രിപ്പിൾ മെയിൻ ബിരുദ കോഴ്സുകൾക്ക് തുല്യത അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് പൊതുനിർദ്ദേശങ്ങൾ തയാറാക്കുന്നതിന് ഡീൻസ് കമ്മിറ്റിയെ ചുമതലപ്പെടുത്തി. സി.ബി.എസ്.സി. സ്കൂളുകളിലെ സ്ഥിരം അധ്യാപകരെ കൂടി കോഴ്സ് വർക്ക് പൂർത്തീകരിച്ചതിനു ശേഷം ഗവേഷണ രീതി ഭാഗിക സമയത്തിലേക്ക് മാറ്റിനൽകാവുന്ന അധ്യാപക വിഭാഗത്തിൽപ്പെടുത്താമെന്ന സ്റ്റാൻഡിങ് കമ്മിറ്റിയുടെ ശിപാർശ യോഗം അംഗീകരിച്ചു.

രജിസ്ട്രാർ പ്രൊഫ. കെ. സാബുക്കുട്ടൻ അനുശോചന പ്രമേയം അവതരിപ്പിച്ചു. ജ്ഞാനപീഠം പുരസ്കാരം നേടിയ മഹാകവി അക്കിത്തം അച്യുതൻ നമ്പൂതിരി, വിവിധ മേഖലകളിൽ നേട്ടങ്ങൾ കരസ്ഥമാക്കിയ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ്, പ്രൊഫ. നന്ദകുമാർ കളരിക്കൽ, പ്രൊഫ. കെ. സാബുക്കുട്ടൻ എന്നിവരെ യോഗം അനുമോദിച്ചു.

(പി.ആർ.ഒ/39/2105/2019)

## എം.ജി. എംപ്ലോയ്മെന്റ് ഗൈഡൻസ് ബ്യൂറോയിൽ കമ്പ്യൂട്ടർ പരീക്ഷ പരിശീലന സംവിധാനം; വിജയികൾക്ക് അനുമോദനം

മഹാത്മാഗാന്ധി സർവകലാശാല എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആൻഡ് ഗൈഡൻസ് ബ്യൂറോയിൽ ആരംഭിച്ച കമ്പ്യൂട്ടർ പരീക്ഷ പരിശീലന സംവിധാനത്തിന്റെ ഉദ്ഘാടനവും ബ്യൂറോ നടത്തുന്ന

വിവിധ മത്സര പരിശീലന പരിപാടികളിൽ പങ്കെടുത്ത് ജോലി കരസ്ഥമാക്കിയവരെയും റാങ്ക് പട്ടികകളിൽ ഇടം നേടുകയും ചെയ്തവരെ അനുമോദിക്കുന്ന 'സഫലം 2019' പരിപാടിയും രജിസ്ട്രാർ പ്രൊഫ. കെ. സാബുക്കുട്ടൻ ഉദ്ഘാടനം ചെയ്തു.

ഗൈഡൻസ് ബ്യൂറോയിൽ നടന്ന ചടങ്ങിൽ ചീഫ് പ്രൊഫ. ടി.വി. തുളസീധരൻ അധ്യക്ഷത വഹിച്ചു. എംപ്ലോയ്മെന്റ് എറണാകുളം മേഖല ഡെപ്യൂട്ടി ഡയറക്ടർ എം.എൻ. പ്രഭാകരൻ മുഖ്യപ്രഭാഷണം നടത്തി. മുൻ ഡെപ്യൂട്ടി ചീഫ് പി.ടി. അലക്സാണ്ടർ വിജയികളെ അനുമോദിച്ചു. മുൻ ഡെപ്യൂട്ടി ചീഫ് വി.കെ. രാമദാസ് ഉപഹാരങ്ങൾ സമ്മാനിച്ചു. ഓൺലൈൻ പരീക്ഷ പരിശീലനത്തിന്റെ ഉദ്ഘാടനം സബ് റീജണൽ എംപ്ലോയ്മെന്റ് ഓഫീസർ എ.എം. സോണിയ നിർവഹിച്ചു. ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ കെ.എം. ഉമ്മർ ഫലകം അനാച്ഛാദനം ചെയ്തു. ഡെപ്യൂട്ടി ചീഫ് ജി. ജയശങ്കർ പ്രസാദ്, ഡോ. കെ.എസ്. ബാസ്റ്റിയൻ, സി.ജെ. നെൽസൺ എന്നിവർ പ്രസംഗിച്ചു.

## <u>ഫോട്ടോ ക്യാപ്ഷൻ</u>

**മഹാത്മാഗാന്ധി സർവകലാശാല എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആൻഡ് ഗൈഡൻസ് ബ്യൂറോയിൽ ആരംഭിച്ച കമ്പ്യൂട്ടർ പരീക്ഷ പരിശീലന സംവിധാനത്തിന്റെ ഉദ്ഘാടനവും ബ്യൂറോ നടത്തുന്ന വിവിധ മത്സര പരിശീലന പരിപാടികളിൽ പങ്കെടുത്ത് ജോലി കരസ്ഥമാക്കിയവരെയും റാങ്ക് പട്ടികകളിൽ ഇടം നേടുകയും ചെയ്തവരെ അനുമോദിക്കുന്ന 'സഫലം 2019' പരിപാടിയും രജിസ്ട്രാർ പ്രൊഫ. കെ. സാബുക്കുട്ടൻ ഉദ്ഘാടനം ചെയ്യുന്നു**

(പി.ആർ.ഒ/39/2106/2019)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ

# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702


2019 നവംബർ 30

# വാർത്താക്കുറിപ്പ്

## പരീക്ഷ മാറ്റി

മഹാത്മാ ഗാന്ധി സർവകലാശാല ഡിസംബർ രണ്ടിന് നടത്താൻ നിശ്ചയിച്ചിരുന്ന ഒന്നാം സെമസ്റ്റർ എം.ബി.എ. (2019 അഡ്മിഷൻ) പരീക്ഷ ഡിസംബർ 10ലേക്ക് മാറ്റി.

(പി.ആർ.ഒ/39/207/2019)

മഹാത്മാ ഗാന്ധി സർവകലാശാല ഡിസംബർ ആറിന് നടത്താൻ നിശ്ചയിച്ചിരുന്ന ഒന്നാം സെമസ്റ്റർ സി.ബി.സി.എസ്. (2019 അഡ്മിഷൻ റഗുലർ/2017, 2018 അഡ്മിഷൻ റീഅപ്പിയറൻസ്), ഒന്നാം സെമസ്റ്റർ ബി.എസ്സി. സൈബർ ഫോറൻസിക് (2019 അഡ്മിഷൻ റഗുലർ മാത്രം) യു.ജി. നവംബർ 2019 പരീക്ഷകൾ ഡിസംബർ 16ലേക്ക് മാറ്റി. പരീക്ഷ സമയം, കേന്ദ്രം എന്നിവയ്ക്ക് മാറ്റമില്ല.

(പി.ആർ.ഒ/39/2098/2019)

## പുതുക്കിയ പരീക്ഷ തീയതി

നവംബർ 29ന് നടത്താനിരുന്ന മൂന്നാം വർഷ എം.എസ്‌സി. മെഡിക്കൽ അനാട്ടമി (2016 അഡ്മിഷൻ റഗുലർ/2016ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ ഡിസംബർ ഒൻപതിന് നടത്തുന്നതിനായി പുതുക്കി നിശ്ചയിച്ചു.

(പി.ആർ.ഒ/39/2099/2019)

## പിഎച്ച്.ഡി. നൽകി

റിഹാബിലിറ്റേഷൻ നഴ്‌സിംഗിൽ ഷേർളി അലക്സ്, മാത്തമാറ്റിക്‌സിൽ ശ്രീലക്ഷ്മി സി. വാര്യർ, കമ്പ്യൂട്ടർ സയൻസിൽ സി. മനശങ്കർ, മൈക്രോബയോളജിയിൽ ടിജിത്ത് കെ. ജോർജ്, കെമിസ്ട്രിയിൽ എൽദോ ഏലിയാസ്, സുവോളജിയിൽ എലിസബത്ത് വി. മാത്യു, ബോട്ടണിയിൽ എസ്. സോഫിയ, ടി.ജി. അജിത്കുമാർ, ഹോം സയൻസിൽ ജിഷ എ. പ്രഭ, സ്റ്റാറ്റിസ്റ്റിക്‌സിൽ ജിഷ വർഗീസ്, ഫിസിക്‌സിൽ ശ്രീകുമാർ ഹരിദാസ്, എൻവയൺമെന്റൽ സയൻസസിൽ എ.കെ. മനോജ്, ബയോടെക്നോളജിയിൽ ദീപ ജോൺ, എജ്യൂക്കേഷനിൽ കെ.ജെ. ഹേമ, സവിത പ്രസാദ്, മലയാളത്തിൽ എം.എ. വിഗീഷ്, സിന്ധു സെബാസ്റ്റ്യൻ, എസ്. ഇന്ദു, എ. റബിജ, ഇംഗ്ലീഷിൽ വി. സൗമ്യ നായർ, ജ്യോതി സൂസൻ എബ്രഹാം, ഇക്കണോമിക്‌സിൽ വിനീഷ് മാത്യു, നിമിഷ സി. നായർ, പി.വി. ബേബി ശാലിനി, ജോസഫ് കുര്യൻ, പൊളിറ്റിക്കൽ സയൻസിൽ സിജി റേച്ചൽ ജോർജ്, പ്രിയ തോമസ്, സോഷ്യൽ വർക്കിൽ സിനു ഐ. പോൾ, ഗാന്ധിയൻ സ്റ്റഡീസിൽ മാത്യു ജോസഫ് എന്നിവർക്ക് പിഎച്ച്.ഡി. നൽകാൻ മഹാത്മാ ഗാന്ധി സർവകലാശാല സിൻഡിക്കേറ്റ് തീരുമാനിച്ചു.

(പി.ആർ.ഒ/39/2100/2019)

## പരീക്ഷഫലം

2018 ഒക്ടോബറിൽ നടന്ന ഒന്നും രണ്ടും സെമസ്റ്റർ ബി.എ. സി.ബി.സി.എസ്. (പ്രൈവറ്റ് - 2017 അഡ്മിഷൻ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 16 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/2101/2019)

2019 ജനുവരിയിൽ നടന്ന ഒന്നാം സെമസ്റ്റർ ബി.എഡ്. (സ്‌പെഷൽ എജ്യൂക്കേഷൻ എൽ.ഡി. ആന്റ് ഐ.ഡി. - റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 12 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/2102/2019)

2018 ഒക്ടോബറിൽ നടന്ന ഒന്നും രണ്ടും സെമസ്റ്റർ ബി.കോം. സി.ബി.സി.എസ്. (2017 അഡ്മിഷൻ റഗുലർ - പ്രൈവറ്റ് രജിസ്ട്രേഷൻ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 16 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/2103/2019)

## പ്രോട്ടീൻ തന്മാത്ര ഘടനയിലെ മാറ്റങ്ങൾ അർബുദത്തിന് വഴിതെളിക്കുന്നു; പ്രൊഫ. ടോബി ഗിബ്സൺ

പ്രോട്ടീൻ തന്മാത്രകളുടെ നിർമ്മാണത്തിൽ രൂപപ്പെടുന്ന പ്രത്യേക ഘടനകളിലുണ്ടാകുന്ന മാറ്റങ്ങൾ അർബുദത്തിന് വഴിതെളിക്കുമെന്ന് ജർമ്മനിയിലെ യൂറോപ്യൻ മോളിക്യുലാർ ബയോളജി ലബോറട്ടറിയിലെ പ്രശസ്ത ശാസ്ത്രജ്ഞൻ പ്രൊഫ. ടോബി ഗിബ്സൻ. മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ബയോസയൻസസിലെ സെന്റർ ഫോർ ബയോ ഇൻഫോർമാറ്റിക്സ് സംഘടിപ്പിക്കുന്ന പഞ്ചദിന ശില്പശാലയിൽ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

പ്രോട്ടീൻ തന്മാത്രകളിലെ പ്രത്യേക ഘടനകളിലുണ്ടാകുന്ന മാറ്റങ്ങൾ കണ്ടുപിടിക്കാൻ ബയോഇൻഫോർമാറ്റിക്സ് പോലുള്ള നൂതന ജൈവസാങ്കേതികവിദ്യ മാർഗങ്ങൾക്ക് കഴിയും. ഇത് അർബുദ ചികിത്സാരംഗത്ത് വലിയ കുതിച്ചുചാട്ടത്തിന് വഴിയൊരുക്കുമെന്നും അദ്ദേഹം പറഞ്ഞു. 2002ൽ ഫിസിയോളജി/മെഡിസിൻ വിഭാഗത്തിൽ നൊബേൽ സമ്മാനജേതാവായ ഡോ. സിഡ്നി ബ്രെണ്ണറിന്റെ ഗവേഷക സംഘാംഗമായിരുന്ന ടോബി ഗിബ്സൺ ബ്രിട്ടണിലെ കേംബ്രിഡ്ജ് സർവകലാശാലയിൽ നിന്നാണ് പിഎച്ച്.ഡി. നേടിയത്. ഡോ. ഷൈജുലാൽ നെൽസൺ സതി, ബിജു തോമസ് എന്നിവർ വിവിധ വിഷയങ്ങളിൽ പ്രഭാഷണം നടത്തി. ഡോ. സന്തോഷ് ജെ. ഈപ്പൻ, എസ്. ശ്രീജിത്ത് എന്നിവർ ഇന്നും നാളെയും ക്ലാസെടുക്കും. ശില്പശാല ഡിസംബർ മൂന്നിന് സമാപിക്കും.

## ഫോട്ടോ ക്യാപ്ഷൻ

**മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ബയോസയൻസസിലെ സെന്റർ ഫോർ ബയോ ഇൻഫോർമാറ്റിക്സ് സംഘടിപ്പിക്കുന്ന പഞ്ചദിന ശില്പശാലയിൽ ജർമ്മനിയിലെ യൂറോപ്യൻ മോളിക്യുലാർ ബയോളജി ലബോറട്ടറിയിലെ പ്രശസ്ത ശാസ്ത്രജ്ഞൻ പ്രൊഫ. ടോബി ഗിബ്സൻ പ്രഭാഷണം നടത്തുന്നു**

(പി.ആർ.ഒ/39/2104/2019)

## ദേശീയതല പരിപാടികളിൽ പങ്കെടുക്കുന്ന എൻ.സി.സി., എൻ.എസ്.എസ്., കായിക വിദ്യാർഥികൾക്ക് ഹാജർ നൽകും

ദേശീയ പ്രാധാന്യമുള്ള എൻ.സി.സി., എൻ.എസ്.എസ്. ക്യാമ്പുകളിലും ദേശീയതല കായിക മത്സരങ്ങളിലും സർവകലാശാലയുടെ മുൻകൂർ അനുമതിയോടെ പങ്കെടുക്കുന്ന വിദ്യാർഥികൾക്ക് സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ നഷ്ടപ്പെടുന്ന അധ്യയന ദിവസങ്ങളിലെ ഹാജർ അനുവദിക്കാൻ മഹാത്മാഗാന്ധി സർവകലാശാല അക്കാദമിക് കൗൺസിൽ യോഗം തീരുമാനിച്ചു. വൈസ്ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രോ വൈസ് ചാൻസലർ പ്രൊഫ. സി.ടി. അരവിന്ദകുമാർ അധ്യക്ഷത വഹിച്ച യോഗത്തിലാണ് തീരുമാനം.

സ്റ്റാറ്റിയൂട്ടറി ഫിനാൻസ് കമ്മിറ്റി അംഗമായി ഡോ. എസ്. മോഹനെ തെരഞ്ഞെടുത്തു. ദുരന്തനിവാരണ കോഴ്സുകൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതു പരിശോധിക്കുന്നതിനായി എൺവയോൺമെന്റൽ സയൻസസ് പി.ജി. ബോർഡ് ഓഫ് സ്റ്റഡീസിനെ ചുമതലപ്പെടുത്തി. മറ്റു സർവകലാശാലകളിലെ ട്രിപ്പിൾ മെയിൻ ബിരുദ കോഴ്സുകൾക്ക് തുല്യത അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് പൊതുനിർദ്ദേശങ്ങൾ തയാറാക്കുന്നതിന് ഡീൻസ് കമ്മിറ്റിയെ ചുമതലപ്പെടുത്തി. സി.ബി.എസ്.സി. സ്കൂളുകളിലെ സ്ഥിരം അധ്യാപകരെ കൂടി കോഴ്സ് വർക്ക് പൂർത്തീകരിച്ചതിനു ശേഷം ഗവേഷണ രീതി ഭാഗിക സമയത്തിലേക്ക് മാറ്റിനൽകാവുന്ന അധ്യാപക വിഭാഗത്തിൽപ്പെടുത്താമെന്ന സ്റ്റാൻഡിങ് കമ്മിറ്റിയുടെ ശിപാർശ യോഗം അംഗീകരിച്ചു.

രജിസ്ട്രാർ പ്രൊഫ. കെ. സാബുക്കുട്ടൻ അനുശോചന പ്രമേയം അവതരിപ്പിച്ചു. ജ്ഞാനപീഠം പുരസ്കാരം നേടിയ മഹാകവി അക്കിത്തം അച്യുതൻ നമ്പൂതിരി, വിവിധ മേഖലകളിൽ നേട്ടങ്ങൾ കരസ്ഥമാക്കിയ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ്, പ്രൊഫ. നന്ദകുമാർ കളരിക്കൽ, പ്രൊഫ. കെ. സാബുക്കുട്ടൻ എന്നിവരെ യോഗം അനുമോദിച്ചു.

(പി.ആർ.ഒ/39/2105/2019)

## എം.ജി. എംപ്ലോയ്മെന്റ് ഗൈഡൻസ് ബ്യൂറോയിൽ കമ്പ്യൂട്ടർ പരീക്ഷ പരിശീലന സംവിധാനം; വിജയികൾക്ക് അനുമോദനം

മഹാത്മാഗാന്ധി സർവകലാശാല എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആൻഡ് ഗൈഡൻസ് ബ്യൂറോയിൽ ആരംഭിച്ച കമ്പ്യൂട്ടർ പരീക്ഷ പരിശീലന സംവിധാനത്തിന്റെ ഉദ്ഘാടനവും ബ്യൂറോ നടത്തുന്ന

വിവിധ മത്സര പരിശീലന പരിപാടികളിൽ പങ്കെടുത്ത് ജോലി കരസ്ഥമാക്കിയവരെയും റാങ്ക് പട്ടികകളിൽ ഇടം നേടുകയും ചെയ്തവരെ അനുമോദിക്കുന്ന 'സഫലം 2019' പരിപാടിയും രജിസ്ട്രാർ പ്രൊഫ. കെ. സാബുക്കുട്ടൻ ഉദ്ഘാടനം ചെയ്തു.

ഗൈഡൻസ് ബ്യൂറോയിൽ നടന്ന ചടങ്ങിൽ ചീഫ് പ്രൊഫ. ടി.വി. തുളസീധരൻ അധ്യക്ഷത വഹിച്ചു. എംപ്ലോയ്മെന്റ് എറണാകുളം മേഖല ഡെപ്യൂട്ടി ഡയറക്ടർ എം.എൻ. പ്രഭാകരൻ മുഖ്യപ്രഭാഷണം നടത്തി. മുൻ ഡെപ്യൂട്ടി ചീഫ് പി.ടി. അലക്സാണ്ടർ വിജയികളെ അനുമോദിച്ചു. മുൻ ഡെപ്യൂട്ടി ചീഫ് വി.കെ. രാമദാസ് ഉപഹാരങ്ങൾ സമ്മാനിച്ചു. ഓൺലൈൻ പരീക്ഷ പരിശീലനത്തിന്റെ ഉദ്ഘാടനം സബ് റീജണൽ എംപ്ലോയ്മെന്റ് ഓഫീസർ എ.എം. സോണിയ നിർവഹിച്ചു. ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ കെ.എം. ഉമ്മർ ഫലകം അനാച്ഛാദനം ചെയ്തു. ഡെപ്യൂട്ടി ചീഫ് ജി. ജയശങ്കർ പ്രസാദ്, ഡോ. കെ.എസ്. ബാസ്റ്റിയൻ, സി.ജെ. നെൽസൺ എന്നിവർ പ്രസംഗിച്ചു.

## <u>ഫോട്ടോ ക്യാപ്ഷൻ</u>

**മഹാത്മാഗാന്ധി സർവകലാശാല എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആൻഡ് ഗൈഡൻസ് ബ്യൂറോയിൽ ആരംഭിച്ച കമ്പ്യൂട്ടർ പരീക്ഷ പരിശീലന സംവിധാനത്തിന്റെ ഉദ്ഘാടനവും ബ്യൂറോ നടത്തുന്ന വിവിധ മത്സര പരിശീലന പരിപാടികളിൽ പങ്കെടുത്ത് ജോലി കരസ്ഥമാക്കിയവരെയും റാങ്ക് പട്ടികകളിൽ ഇടം നേടുകയും ചെയ്തവരെ അനുമോദിക്കുന്ന 'സഫലം 2019' പരിപാടിയും രജിസ്ട്രാർ പ്രൊഫ. കെ. സാബുക്കുട്ടൻ ഉദ്ഘാടനം ചെയ്യുന്നു**

(പി.ആർ.ഒ/39/2106/2019)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ